(എ) സർക്കാർ ജീവനക്കാരുടെ സംഘടനകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർ സി.പി.ഐ.(എം) ഫ്രാക്ഷൻ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളുടെ അംഗങ്ങളാണ് ഇത്തരം ഫ്രാക്ഷൻ രൂപീകരിച്ചു പ്രവർത്തിക്കുന്നത്;

(സി) കേരള പോലീസ് അസോസിയേഷനിലെ ചില അംഗങ്ങൾ ഇത്തരം ഫ്രാക്ഷൻ രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ടോ;

(ഡി) സർവ്വീസ് സംഘടനകളിലെ അംഗങ്ങൾ ഇത്തരം ഫ്രാക്ഷൻ രൂപീകരിച്ചു പ്രവർത്തിക്കുന്നതിനോടുള്ള സർക്കാരിന്റെ സമീപനം എന്തെന്ന് അറിയിക്കാമോ;

(ഇ) ജനങ്ങൾക്കിടയിൽ കഴിയുന്നത്ര പ്രകോപനം സൃഷ്ടിക്കുവാൻ പോലീസ് അസോസിയേഷനിലെ പ്രസ്തുത അംഗങ്ങൾ യോഗം ചേർന്ന് തീരുമാനിച്ചതായി റിപ്പോർട്ടുകൾ എന്തെങ്കിലും ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സ്ഥിരീകരിക്കത്തക്ക റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) സ്ഥിരീകരിക്കത്തക്ക റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(ഡി) പോലീസ് സംഘടനകൾ രാഷ്ട്രീയ ചായ്വോടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് കർശനമായി തടയും.

(ഇ) ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

*8 [157] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിൽപ്പന വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ—സി) ഗുണനിലവാരമില്ലാത്ത മരുന്നുകൾ സംസ്ഥാനത്ത് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ വിശദമായ പരിശോധനയ്ക്കുശേഷം മാത്രമേ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തുന്ന ബാച്ചിൽപ്പെട്ട മരുന്നുകളുടെ വിൽപ്പന ഉടൻതന്നെ നിരോധിക്കുന്നുണ്ട്. ഇത് പത്രമാധ്യമങ്ങൾ വഴി പൊതുജനങ്ങളുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ആശുപത്രികളിൽ നിന്നും ഡ്രഗ്സ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന മരുന്ന് സാമ്പിളുകൾ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധന നടത്തുന്നുണ്ട്. പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ ബാച്ച് വിൽക്കപ്പെടുന്നത് തടയുന്നുണ്ട്. ഇത് സംബന്ധിച്ച് പത്രങ്ങളിൽകൂടി ജനങ്ങളെ അറിയിക്കുന്നു. കൂടാതെ ഈ മരുന്നുകൾ നിർമ്മിച്ച കമ്പനികൾക്കെതിരായി നിയമനടപടികൾ സ്വീകരിക്കുന്നുമുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള കമ്പനികളാണെങ്കിൽ അവയ്ക്കെതിരെ നടപടിയെടുക്കുവാൻ അതാത് സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോളർമാരോട് ആവശ്യപ്പെടുന്നുണ്ട്. മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ബഹുമാഷ്ട്ര കമ്പനികളുടെ ഭക്ഷ്യോൽപ്പന്നങ്ങളിൽ കീടങ്ങളും മാലിന്യങ്ങളും

*9 [T159] ശ്രീ. ടി. പി. എം. സാഹിർ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിപണനം നടത്തിവന്ന ബഹുരാഷ്ട്ര കമ്പനികളുടെ ഭക്ഷ്യോൽപ്പന്നങ്ങളിൽ കീടങ്ങളും മാലിന്യങ്ങളും അടങ്ങിയിട്ടുള്ളതായി കണ്ടുപിടിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര വ്യാപാരികളുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്;

(സി) എത്ര പേരെ പീഡിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്;

(ഡി) ഇത്തരം ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഏതെങ്കിലും കമ്പനികളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇത്തരം കമ്പനികളുടെ പേരിൽ നടപടി സ്വീകരിക്കുമോ?

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly